കേരള സർക്കാർ

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.lfa.kerala.gov.in

തോളൂർ ഗ്രാമപഞ്ചായത്ത്

ഓഡിറ്റ് റിപ്പോർട്ട് 2014-2015

ജില്ലാ ഓഡിറ്റ്കാര്യാലയം,

തൃശ്ശൂർ

e-mail.id :dotsr.ksad@kerala.gov.in

(രജിസ്റ്റർ ചെയ്തു കൈപ്പറ്റു ചീട്ടു സഹിതം)

നം.കെ.എസ്.എ.ടി.എസ്.ആർ (പി3)1047/16

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യായലം, തൃശ്ശൂർ
PIN. 680020 തിയ്യതി 02.07.2016
Ph.0487 2331249
e-mail.id :dotsr.ksad@kerala.gov.in

ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന)

തോളൂർ ഗ്രാമ പഞ്ചായത്ത്

സർ,

വിഷയം : തോളൂർ ഗ്രാമപഞ്ചായത്ത് - 2014-15 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് - സംബന്ധിച്ച്

***

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, 1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം 215(4)എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം തോളൂർ ഗ്രാമപഞ്ചായത്തിന്റെ 2014-15 സാമ്പത്തികവർഷത്തെ ധനകാര്യപത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1) ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയയ്ക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 3ലെ 3-3, 3-5 എന്നീ ഖണ്ഡികകളിലേയ്ക്കു പ്രത്യേക ശ്രദ്ധ ക്ഷണിക്കുന്നു.

ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസക്ത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ്. ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പഞ്ചായത്തിന്റെ പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും, ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ പഞ്ചായത്ത് എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്- പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15).റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1)ചട്ടം 20,23, 1997 കേരളാ പഞ്ചായത്ത് രാജ് പരിശോധനാ രീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)എന്നിവ കാണുക).

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ് :

1)കേരള സ്റ്റേറ്റ് ഓഡിറ്റ് വകുപ്പ് ഡയറക്ടർ, തിരുവനന്തപുരം(ഉപരിപത്രം സഹിതം)

2)പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ,തൃശ്ശൂർ.(ഉപരിപത്രം സഹിതം)

3)കാര്യാലയ പകർപ്പ്

നം.കെ.എസ്.എ.ടി.എസ്.ആർ .(പി3)1047/16

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം, തൃശ്ശൂർ
PIN. 680020 തിയ്യതി 02.07.2016
Ph.0487 2331249
e-mail.id :dotsr.ksad@kerala.gov.in

തൃശൂർജില്ലയിലെ തോളൂർ ഗ്രാമപഞ്ചായത്തിന്റെ2014-15സാമ്പത്തിക വർഷത്തെ ധനകാര്യപത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം- വകുപ്പ് 215(4) , 1994 ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം - വകുപ്പ് 13,1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18 എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

തൃശൂർ ജില്ലയിലെ തോളൂർ ഗ്രാമപഞ്ചായത്തിന്റെ 2014-15 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. പഞ്ചായത്ത് 12.02.14. മുതൽ 11.02.15തിയ്യതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ് , അവയുടെ ഒടുക്ക്, വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള 31.03.15 വരെ പണം പിൻവലിക്കലുകൾ എന്നിവ പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ പഞ്ചായത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. 16 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 9 എണ്ണത്തിന് മറുപടി ലഭിച്ചിട്ടുണ്ട്. അന്വേഷണക്കുറിപ്പുകൾക്കുള്ള മറുപടി പരിഗണിച്ച ശേഷമുള്ള പ്രധാനപ്പെട്ട നിരീക്ഷണങ്ങൾ മാത്രമാണ് ഓഡിറ്റ് റിപ്പോർട്ടിൽ ചേർത്തിരിക്കുന്നത്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിന്മേലുള്ള തുടർ നടപടികൾ പഞ്ചായത്ത് സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്നു ലഭ്യമായ രജിസ്റ്ററുകളുടേയും രേഖകളുടേയും വിവരങ്ങളുടേയും വിശദീകരണത്തിന്റേയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരത്തിന്റെയോ ലഭ്യമാക്കാത്ത വിവരത്തിന്റെയോ കാര്യത്തിൽ കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

(എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ	സി.വൈ.സലിം, ഡെപ്യൂട്ടി ഡയറക്ടർ
ഓഡിറ്റിന് വിനിയോഗിച്ച സമയം	20.06.2016 മുതൽ 28.06.2016 വരെ
ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ	പ്രശാന്ത്. റ്റി.ജി, അസി.ഓഡിറ്റ് ഓഫീസ്ര വിദ്യ വിക്രമൻ അസി.ഓഡിറ്റ് ഓഫീസർ ബിന്ദു. സി.വി ഓഡിറ്റർ

(ബി)നിർവ്വഹണാധികാരികൾ

പ്രസിഡന്റ്	എൻ.പി.സരോജിനി	01.04.2014 മുതൽ 31.03.2015 വരെ
സെക്രട്ടറി	വി.ഇ.സുഹറ	01.04.2014 മുതൽ 30.11.14 വരെ
	ശിവദാസൻ.ടി.വി. (അസി.സെക്രട്ടറി-സെക്രട്ടറി ഇൻ ചാർജ്ജ്)	01.12.14 മുതൽ 15.01.15 വരെ
	കെ. ഉണ്ണികൃഷ്ണൻ	16.01.05 മുതൽ 31.03.15 വരെ

വിവിധ നിർവ്വഹണ ഉദ്യോഗസ്ഥര

അസിസ്റ്റന്റ് എഞ്ചിനീയർ	ഷൈന.എം.ജി.	01.04.2014 മുതൽ 11.11.2014 വരെ
	സിബി.എ.പി.	12.11.2014 മുതൽ 31.03.2015 വരെ
മെഡിക്കൽ ഓഫീസർ, സി.എച്ച്.സി	ഡോ.അനുശീൽ	01.04.2014 മുതൽ 25.11.2014വരെ
	ഡോ.നവ്യ ഇട്ടീര	26.11.2014 മുതൽ 31.03.2015 വരെ
മെഡിക്കൽ ഓഫീസർ, ആയുർവേദം	ഡോ.നീലകണ്ഠൻ	01.04.2014 മുതൽ 31.03.2015 വരെ
മെഡിക്കൽ ഓഫീസർ, ഹോമിയോപതി	ഡോ.ബിന്ദു.പി.ഭാസ്ക്കർ	01.04.2014 മുതൽ 31.03.2015 വരെ
വെറ്ററിനറി സർജൻ	ഡോ.ഹരീഷ്.പി.എസ്.	01.04.2014 മുതൽ 31.03.2015 വരെ
കൃഷി ഓഫീസർ	ജെഷി.പി.	01.04.2014 മുതൽ 31.03.2015 വരെ
ഐ.സി.ഡി.എസ്.സൂപ്പർവൈസർ	ഷീജ.പി.ജെ.	01.04.2014 മുതൽ 31.03.2015 വരെ

വി.ഇ.ഒ.എടക്കളത്തൂർ	ശശീധരൻ.പി.ബി.	01.04.2014 മുതൽ 31.03.2015 വരെ
വി.ഇ.ഒ.തോളൂർ	സിന്ദു.പി.	01.04.2014 മുതൽ 31.03.2015 വരെ
പ്രധാനാദ്ധ്യാപിക ഗവ.എൽ.പി.സ്കൂൾ,മുള്ളൂർ	ആഗ്നസ്.പി.പി.	01.04.2014 മുതൽ 31.03.2015 വരെ
പ്രധാനാദ്ധ്യാപിക ജി.ഡബ്ല്യു. യു.പി.എസ്.,പോന്നോർ	സെലീന	01.04.2014 മുതൽ 31.03.2015 വരെ
അസി.സെക്രട്ടറി	ശിവദാസൻ.ടി.വി.	01.04.2014മുതൽ 31.03.2015വരെ

ഉള്ളടക്കം

ക്രമ നം.	ഭാഗം 1	ഖണ്ഡിക നമ്പർ
1	ബജറ്റ്	1-1
2	വാർഷിക ധനകാര്യപത്രിക.	1-2
3	വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സർട്ടിഫിക്കറ്റ് നല്കിയതിന്റെ വിവരം.	1-3
4	സാമ്പത്തിക വിശകലനം	1-4
5	ഫണ്ട് വിനിയോഗം	1-5
6	പദ്ധതി അവലോകനം.	1-6
7	തനത് വരുമാനം.	1-7
8	ക്ഷേമപദ്ധതികൾ	1-8
9	ക്യാഷ് വെരിഫിക്കേഷൻ	1-9
10	ആഭ്യന്തരനിയന്ത്രണം.	1-10
11	മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം	1-11
12	കുടിവെള്ള പദ്ധതികളുടെ നടത്തിപ്പ്	1-12
	ഭാഗം 2	
13	ബിൽഡിംഗ് പെർമിറ്റ്-അപാകതകൾ	2-1
14	തൊഴിൽ നികുതി-അപാകതകൾ	2-2
15	മലിനീകരണനിയന്ത്രണബോഡിന്റെ അനുമതിയില്ലാതെ പാരാ മെഡിക്കൽ സ്ഥാപനങ്ങൾക്ക് ലൈസൻസ് അനുവദിച്ചു	2-3
16	പൗൾട്രി ഫാം ലൈസൻസ് ഇല്ലാതെ പ്രവർത്തിക്കുന്നു	2-4
17	ഡി &ഒ ലൈസൻസ്-അപാകതകൾ	2-5
18	വാടക -അപാകതകൾ	2-6
19	മത്സ്യലേലം- യഥാസമയം ലേലത്തുക അടവാക്കുന്നില്ല	2-7
	ഭാഗം 3	
20	ഹെഡ്മാസ്റ്റർ,ഗവ.യു.പി സ്കൂൾ ,പോന്നോർ നടപ്പാക്കിയ പദ്ധതി അപാകതകൾ	3-1
21	ഭവന നിർമ്മാണം പൂർത്തിയാക്കി - കരാർ രജിസ്റ്റർ ചെയ്തില്ല	3-2
22	തേനീച്ച വളർത്തൽ- മാർഗ്ഗരേഖകയിൽ ഉൾപ്പെടാത്ത ഇനത്തിന് സബ്സിഡി നല്കി	3-3
23	അനുപൂരക പോഷകാഹാര പരിപാടി - സാധനങ്ങൾ സ്റ്റോക്കിലെടുത്ത് വിതരണം നടത്തിയതിന്റെ രേഖകൾ ലഭ്യമാക്കിയിട്ടില്ല	3-4
24	തെരുവ് വിളക്ക് വാങ്ങൽ,പരിപാലനം എന്നീ പദ്ധതികളിലെ അപാകതകൾ	3-5
25	റൺ കേരള റൺ -സർക്കാർ ഉത്തരവിൽ അധികരിച്ച് തുക ചെലവഴിച്ചു	3-6
26	പഞ്ചായത്ത് വാഹനത്തിന്റ ലോഗ്ബുക്ക് പരിപാലിക്കുന്നതിലെ അപാകത	3-7
	ഭാഗം 4	
27	സംയുക്ത പ്രൊജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം.	4-1

28	ഡെപ്പോസിറ്റ് വർക്കിനു നൽകിയ തുകയുടെ വിവരങ്ങൾ	4-2
29	മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത്	4-3
30	വായ്പ/ വായ്പ തിരിച്ചടവ്	4-4
31	സ്ഥിരനിക്ഷേപങ്ങൾ	4-5
32	ഓഡിറ്റ് റിക്കവറി	4-6
33	ഓഡിറ്റ് പ്രത്യവലോകനം	4-7
34	തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ	4-8

ഭാഗം -1
പൊതു അവലോകനം
പൊതു അവലോകനം

1-1 ബജറ്റ്

2014-15വർഷത്തെ ബജറ്റ് 22.02.2014 തിയതിയിലെ 23/14 -ാം തീരുമാന പ്രകാരം പഞ്ചായത്ത് ഭരണസമിതിയോഗം അംഗീകരിച്ചു. ബജറ്റ് പ്രകാരമുള്ള പ്രതീക്ഷിത വരവ് 64827958 രൂപയും പ്രതീക്ഷിത ചെലവ് 63575004 രൂപയും ആണ്. ബജറ്റ് സിംഗിൾ എൻട്രി സമ്പ്രദായത്തിലും വാർഷിക ധനകാര്യപത്രിക അക്രൂവൽ അടിസ്ഥാനത്തിൽ ഡബിൾ എൻട്രി സമ്പ്രദായത്തിലും തയ്യാറാക്കിയിട്ടുള്ളതിനാൽ ഇവ തമ്മിൽ താരതമ്യം ചെയ്യാൻ ഓഡിറ്റിന് കഴിഞ്ഞിട്ടില്ല.

1-2 വാർഷിക ധനകാര്യപത്രിക

ലഭിക്കേണ്ട തീയതി	ലഭിച്ച തീയതി
31.07.2015	06.07.2015

1-3 വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സർട്ടിഫിക്കറ്റ് നല്കിയതിന്റെ വിവരം.

വർഷം	സർട്ടിഫിക്കേഷന് കണക്കുകൾ പരിശോധിച്ച തീയതി	സർട്ടിഫിക്കറ്റ് നമ്പർ/തീയതി
2014-15	16.10.2015	കെ.എസ്.എ-ടി.എസ്.ആർ(ഇ3)-1456/15 (70) തിയ്യതി 16.10.2015 വിശേഷണ ങ്ങളോടുകൂടിയ സാക്ഷ്യപത്രം

സാക്ഷ്യപത്രത്തിൽ പ്രതിപാദിച്ചിട്ടുള്ള താഴെ വിവരിക്കുന്ന ന്യൂനതകൾ പരിഹരിച്ചിട്ടില്ല.
1) നാളിതുവരെയുള്ള ആസ്തി/ ബാധ്യതകൾ വാർഷികകണക്കുളിൽ ഉൾപ്പെടുത്തിയിട്ടില്ല.
2) ധനകാര്യ വർഷത്തെ സ്റ്റോക്ക് സംബന്ധിച്ച റിപ്പോർട്ട് സെക്രട്ടറി തയ്യാറാക്കിയിട്ടില്ല.

ഓഡിറ്റ് സർട്ടിഫിക്കറ്റ്, ഇൻകം & എക്സ്പെൻറിച്ചർ അക്കൗണ്ട്, റസീറ്റ് & പേയ്മെൻറ് അക്കൗണ്ട്, ബാലിൻസ് ഷീറ്റ്, എന്നിവ അനുബന്ധമായി ചേർത്തിട്ടുണ്ട്.

1-4 സാമ്പത്തിക വിശകലനം

മുന്നിരിപ്പ്	7374078
വരവ്	55449762
ആകെ	62823840
ചെലവ്	51267969
നീക്കിയിരിപ്പ്	11555871

1-5 ഫണ്ട് വിനിയോഗം

ഫണ്ടിനം	മുൻ ബാക്കി	തൻ വർഷ വരവ്	ആകെ	ചെലവ്	നീക്കി യിരിപ്പ്	ചെലവ് ശതമാനം
വികസനഫണ്ട് പൊതുവിഭാഗം	1104604	7693400	8798004	7470694	1327310	84.91
വികസനഫണ്ട് – എസ്.സി.പി.	1300910	4377000	5677910	4095453	1582457	72.13
വികസനഫണ്ട് – ടി.എസ്.പി.	0	17000	17000	17000	0	100
സംരക്ഷണഗ്രാന്റ് റോഡ്	112799	5254000	5366799	5259248	107551	98
സംരക്ഷണഗ്രാന്റ് നോൺറോഡ്	1167946	2014000	3181946	1962347	1219599	61.67
13-ാം ധനകാര്യ കമ്മീഷൻ ഗ്രാന്റ്	631687	4503271	5134958	4698753	436205	91.51
പെർഫോമൻസ് ഗ്രാന്റ്	96989	2042000	2138989	0	2138989	0

എം.എൻ.ആർ.ഇ ജി. എസ്.	50998	6499845	6550843	6550843	0	100
ജനറൽ പർപ്പസ് ഗ്രാന്റ്	1754775	4899186	6653961	2963176	3690785	44.53
ബി ഫണ്ട്	0	19100571	19100571	19100571	0	100

1-6 പദ്ധതി അവലോകനം

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

അംഗീകാരം ലഭിച്ചത് (എണ്ണം)	പദ്ധതി അടങ്കൽ	നടപ്പാക്കിയത് (എണ്ണം)	പദ്ധതി ചെലവ്	ഭാഗികമായി നടപ്പാക്കിയത് (എണ്ണം)	നടപ്പാക്കാത്തവ (എണ്ണം)	പൂർത്തീകരിച്ച പ്രോജക്ടുകളുടെ ശതമാനം
121	35275888	94	25161964	27	-	77.68

ആസൂത്രണനടപടികളിലെ വീഴ്ച

1994 ലെ കേരള പഞ്ചായത്ത് രാജ് ആക്, വകുപ്പ് 3 പ്രകാരം ഓരോ ഗ്രാമസഭയും മൂന്നു മാസത്തിലൊരിക്കൽ യോഗം കൂടേണ്ടതും ഓരോ യോഗത്തിലും 10% സമ്മതിദായകരെങ്കിലും പങ്കെടുക്കേണ്ടതുമാണ്. എന്നാൽ, 2014-15 വർഷത്തിൽ പഞ്ചായത്ത് പ്രദേശത്ത് ക്വാറം തികയാതെയും ഗ്രാമസഭകൾ നടന്നതായി കാണുന്നു. ചില ഉദാഹരണങ്ങൾ താഴെകൊടുക്കുന്നു.

വാർഡ് നമ്പർ	തിയ്യതി	സമ്മതിദായകരുടെ എണ്ണം	ക്വാറം	പങ്കെടുത്തവരുടെ എണ്ണം
5	19.09.14	1180	118	80
6	12.09.14	1121	112	71
7	18.09.14	1176	118	52
8	20.09.14	1067	107	76
12	13.09.14	1236	124	59

1-7 തനത് വരുമാനം

മുൻവർഷത്തേക്കാൾ സ്ഥാപനത്തിന് ഈ സാമ്പത്തികവർഷത്തിൽ തനതു വരുമാനത്തിൽ താഴെ പറയും പ്രകാരം 25.8% വർദ്ധനവ് ഉണ്ടായിട്ടുണ്ട്.

ഇനം	മുൻവർഷം	തൻവർഷം	വ്യത്യാസം	ശതമാനം (+)/(-)
നികുതി വരവുകൾ	2114211	3145988	1031777	48.8%
നികുതിയേതര വരവുകൾ	204188	391573	187385	91.7%
മറ്റുവരവുകൾ	5198832	5918722	719890	13.8%
ആകെ	**7517231**	**9456283**	**1939052**	**25.8%**

1-8 ക്ഷേമപദ്ധതികൾ

തൻവർഷം ഗ്രാമപഞ്ചായത്ത് നടപ്പാക്കിയ വിവിധ ക്ഷേമ പദ്ധതികളുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

ക്ഷേമപദ്ധതിയുടെ പേര്	ചെലവഴിച്ച തുക	ഗുണഭോക്താക്കളുടെ എണ്ണം
തൊഴിൽരഹിത വേതനം	125760	96
കർഷകതൊഴിലാളി പെൻഷൻ	4659405	648
വിധവാപെൻഷൻ	6710259	826
വാർദ്ധക്യകാലപെൻഷൻ	3991729	696
വികലാംഗപെൻഷൻ	1815235	205
അവിവാഹിതരായ (50വയസ്സിന് മുകളിലിൽ) സ്ത്രീകൾക്കുള്ള പെൻഷൻ	842305	103
വിധവകളുടെ പെൺമക്കൾക്കുള്ള വിവാഹധനസഹായം	450000	15

1-9 ക്യാഷ് വെരിഫിക്കേഷൻ

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 23.06.2016 ന് സ്ഥാപന തലവന്റെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ 2747/-രൂപ ക്യാഷ് നീക്കിയിരിപ്പിന്റെ കൃത്യത പരിശോധനയിൽ ബോധ്യപ്പെട്ടു. ക്യാഷ് ബാലൻസ് അന്നേദിവസത്തെ ക്യാഷ്ബുക്ക്, ഡേ ബുക്ക് എന്നിവയുമായി പൊരുത്തപ്പെടുന്നുണ്ട്.

1-10 ആഭ്യന്തരനിയന്ത്രണം

ആസ്തി രജിസ്റ്റർ കാലികവും സമഗ്രവുമായി സൂക്ഷിച്ചിട്ടില്ല. സർക്കുലർ നമ്പർ 86/2010/ഫിൻ തി. 24.09.10 ൽ നിർദ്ദേശിച്ചിട്ടുള്ള മാതൃകയിൽ കമ്പ്യൂട്ടർ ഹാർഡ് വെയർ / സോഫ്റ്റ് വെയർ രജിസ്റ്റർ പരിപാലിച്ചിട്ടില്ല. സ്റ്റോക്ക് രജിസ്റ്ററിൽ സ്റ്റോക്കിന്റെ മൂല്യം കൂടി രേഖപ്പെടുത്താൻ ശ്രദ്ധിക്കേണ്ടതാണ്. ഡി & ഒ രജിസ്റ്റർ, ബിൽഡിംഗ് പെർമിറ്റ് രജിസ്റ്റർ, പാരാമെഡിക്കൽ സ്ഥാപനങ്ങളുടെ രജിസ്ട്രേഷൻ സംബന്ധിച്ച രജിസ്റ്റർ എന്നീ രജിസ്റ്ററുകളിൽ എല്ലാ വിവരങ്ങളും ഉൾപ്പെടുത്തുന്നതിന് ശ്രദ്ധിക്കേണ്ടതാണ്. സ്ഥാപനതൊഴിൽ നികുതി രജിസ്റ്റർ സൂക്ഷിച്ചു കാണുന്നില്ല.

1-11 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

ഓഡിറ്റ്	അവസാനം ഓഡിറ്റ് നടത്തിയ തീയതി	ഓഡിറ്റ് കാലയളവ്	റിപ്പോർട്ട് ലഭിച്ച തീയതി
പെർഫോമൻസ് ഓഡിറ്റ്	10-06-2016	മെയ്-2016	09.06.2016 (03/2016 ന്റെ റിപ്പോർട്ട്)
അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ്	7.01.11 മുതൽ 19.01.11 വരെ	2005-06 മുതൽ 2009-10 വരെ	02-01-2012

1-12 കുടിവെള്ള പദ്ധതികളുടെ നടത്തിപ്പ്

ഗ്രാമപഞ്ചായത്ത് പ്രദേശത്ത് പ്രവർത്തിക്കുന്ന 21 കുടിവെള്ളപദ്ധതികളുടെയും അറ്റകുറ്റപ്പണികളും വൈദ്യുതി ചെലവും തനതുഫണ്ടിൽനിന്നാണ് നടത്തിവരുന്നത്. വാർഷികകണക്കുകൾ പ്രകാരം "കുടിവെള്ള പദ്ധതി കളുടെ വൈദ്യുതിചെലവ്" എന്ന ശീർഷകത്തിലെ ചെലവ് മാത്രം 2,14,825/- രൂപയാണ്. തനതു വരുമാനം താരതമ്യേന കുറവുമാത്രമുള്ള തോളൂർ ഗ്രമപഞ്ചായത്തിനെ സംബന്ധിച്ച് ഇത് ഭീമമായ തുകയാണ്. ആയതിനാൽ, കുടിവെള്ളപദ്ധതികൾ ഗുണഭോക്തൃസമിതികൾക്ക് കൈമാറുന്നതിനുള്ള നടപടികൾ സത്വരമായി സ്വീകരിക്കേണ്ടതാണ്.

ഭാഗം -2

വരവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(1) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

വരവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

2-1 ബിൽഡിംഗ് പെർമിറ്റ് -അപാകതകൾ

1. ബിൽഡിംഗ് പെർമിറ്റ് ഫീ കുറവ് ഈടാക്കി

ബിൽഡിംഗ് പെർമിറ്റ് രജിസ്റ്റർ ക്രമ നം	അപേക്ഷക ന്റെ പേര്	തറ വിസ്തീർണ്ണം	ആവശ്യം/ നിരക്ക്	റഗുലറൈസ് ചെയ്യപ്പോൾ വാങ്ങേണ്ട ഫീ	റഗുലറൈസ് ചെയ്യപ്പോൾ വാങ്ങിയ ഫീ	ഈടാക്കി യതിൽ കുറവ്
97	സത്യൻ.കെ.ജി.	159.29m^2	കൊമേഴ്സ്യൽ, 5രൂപ/m^2	1593 (159.29x5/m^2)	960/- അടവാക്കിയ തിയ്യതി 25.10.14	633/-

633/-രൂപ ഉത്തരവാദിയായവരിൽ നിന്നും ഈടാക്കേണ്ടതാണ്.

2.ബിൽഡിംഗ് പെർമിറ്റ് രജിസ്റ്റർ കൃത്യമായി എഴുതി സൂക്ഷിക്കുന്നില്ല

ബിൽഡിംഗ് പെർമിറ്റ് രജിസ്റ്ററിലെ എല്ലാ കോളങ്ങളും പൂരിപ്പിക്കാത്തതിനാൽ പെർമിറ്റ് സമയ പരിധിക്കുള്ളിൽ അനുവദിച്ചിട്ടുണ്ടോയെന്നും പെർമിറ്റ് ഫീ വാങ്ങിയതിലെ കൃത്യതയും പരിശോധിക്കാൻ സാധിച്ചിട്ടില്ല. പെർമിറ്റ് രജിസ്റ്റർ കൃത്യമായി എഴുതി സൂക്ഷിക്കേണ്ടതാണ്.

2-2 തൊഴിൽ നികുതി-അപാകതകൾ

1.സ്ഥാപന തൊഴിൽ നികുതി മുഴുവൻ അടവാക്കിയിട്ടില്ല

പഞ്ചായത്തിലെ താഴെ പറയുന്ന സ്ഥാപനങ്ങൾ 2014-15 സാമ്പത്തിക വർഷത്തിൽ ഒന്നാം അർദ്ധ വർഷത്തെ തൊഴിൽ നികുതി മാത്രമെ അടവാക്കിയിട്ടുള്ളു.

സ്ഥാപനത്തിന്റെ പേര്	ഒന്നാം അർദ്ധ വർഷം അടവാക്കിയത്	രണ്ടാം അർദ്ധ വർഷം അടവാക്കേണ്ടത്
പറപ്പൂർ പാൽ സൊസൈറ്റി	1250/-	1250/-
സപ്ലൈകോ,പറപ്പൂർ	1250/-	1250/-

ഓഡിറ്റ് എൻക്വയറി 3 നൽകിയതിന്റെ അടിസ്ഥാനത്തിൽ പറപ്പൂർ പാൽ സൊസൈറ്റി 1250/-രൂപ അടവാക്കിയിട്ടുണ്ട്.

(രസീത് നം 11601100690/25.06.16). സപ്ലൈകോ, പറപ്പൂർ അടവാക്കാൻ ബാക്കിയുള്ള തൊഴിൽ നികുതി 1250/- രൂപ ഈടാക്കാനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

2.സ്ഥാപന രജിസ്റ്റർ സൂക്ഷിക്കുന്നില്ല

പഞ്ചായത്ത് പരിധിയിൽ ശമ്പളത്തിനോ, വേതനത്തിനോ വ്യക്തികളെ ജോലിക്ക് നിയമിച്ച ഓഫീസുകളുടേയും,സ്ഥാപനങ്ങളുടേയും പേരുവിവരങ്ങൾ അടങ്ങുന്ന ഒരു രജിസ്റ്റർ തയ്യാറാക്കി സൂക്ഷിക്കേണ്ടതാണ്.സ്ഥാപന രജിസ്റ്റർ ഇല്ലാത്തതിനാൽ എല്ലാ സ്ഥാപനങ്ങളും തൊഴിൽ നികുതി അടവാക്കിയിട്ടുണ്ടോ എന്ന് ഉറപ്പാക്കാൻ കഴിഞ്ഞിട്ടില്ല.

2-3 മലിനീകരണനിയന്ത്രണബോഡിന്റെ അനുമതിയില്ലാതെ പാരാ മെഡിക്കൽ സ്ഥാപനങ്ങൾക്ക് ലൈസൻസ് അനുവദിച്ചു

മലിനീകരണ നിയന്ത്രണ ബോർഡിൽ നിന്നുള്ള അനുമതി ഇല്ലാതെ പഞ്ചായത്തിന്റെ പരിധിയിൽ 5 പാരാ മെഡിക്കൽ സ്ഥാപനങ്ങൾ പ്രവർത്തിക്കുന്നു.പാരാമെഡിക്കൽ രജിസ്ട്രേഷൻ നൽകുന്നതിന് മുമ്പ് മലിനീകരണ നിയന്ത്രണ ബോർഡിൽ നിന്നുള്ള അനുമതി വാങ്ങിയിരിക്കണം.(9.12.2012ലെ 47724/ ഡി.സി.1/ 11/ത.സ്വ.ഭ.വ നമ്പർ സർക്കുലർ). രജിസ്ട്രേഷനു പുറമെ ഡി&ഒ അനുസരിച്ചുള്ള ലൈസൻസും എടുത്തിരിക്കേണ്ടതാണ്. പാരാമെഡിക്കൽ രജിസ്ട്രേഷൻ രേഖപ്പെടുത്തുന്ന രജിസ്റ്ററിൽ സ്ഥാപനങ്ങളുടെ പേരും ഫീസടച്ചതിന്റെ വിവരങ്ങളും രേഖപ്പെടുത്തേണ്ടതാണ്.

2-4 പൗൾട്രി ഫാം ലൈസൻസ് ഇല്ലാതെ പ്രവർത്തിക്കുന്നു

പഞ്ചായത്ത് പരിധിയിൽ പൗൾട്രി ഫാം നടത്തുന്ന ആനി.സി.എ (ഡി&ഒ ലൈസൻസ് നമ്പർ -232/2014-15) ലൈവ് സ്റ്റോക്ക് ഫാം ലൈസൻസ് ചട്ടങ്ങൾ 2012 പ്രകാരം ലൈസൻസ് എടുത്തിട്ടില്ല. ലൈസൻസ് എടുപ്പിക്കാൻ വേണ്ട നടപടികൾ സ്വീകരിക്കേണ്ടതാണ്.

2-5 ഡി &ഒ ലൈസൻസ്-അപാകതകൾ

1.സാനിറ്ററി സർട്ടിഫിക്കറ്റ് ഇല്ല

ലൈസൻസ് പുതുക്കാനുള്ള ഭൂരിഭാഗം അപേക്ഷകളിലും സാനിറ്ററി സർട്ടിഫിക്കറ്റ് ഇല്ല.ലൈസൻസ് പുതുക്കുന്നതിന് ലഭിക്കുന്ന എല്ലാ അപേക്ഷകളും ഹെൽത്ത് ഇൻസ്പെക്ടറുടെ പരിശോധനക്ക് നൽകേണ്ടതാണ്. (സർക്കുലർ നമ്പർ 66562/ആർ സി 3/12/ത.സ്വ.ഭ.വ തി.10.01.13)

2.ഇറച്ചിക്കടകൾ-ആവശ്യമായ അനുമതി പത്രങ്ങളുടെ അഭാവത്തിൽ പ്രവർത്തിക്കുന്നു.

മലിനീകരണ നിയന്ത്രണ ബോർഡിന്റെ സാക്ഷ്യപത്രമോ,സാനിറ്ററി സർട്ടിഫിക്കറ്റോ ഹാജരാക്കാതെ തന്നെ ഇറച്ചിക്കടകൾക്ക് ലൈസൻസ് പുതുക്കി നൽകിയിരിക്കുന്നു. ഏതാനും ഉദാഹരണങ്ങൾ താഴെ ചേർക്കുന്നു.

ഡി&ഒ ലൈസൻസ് നമ്പർ	ലൈസൻസിയുടെ പേര്	സ്ഥാപനം	ലൈസൻസ് ഫീ / തിയ്യതി
27	മൊയ്തു മുഹമ്മദ്	മാംസം വില്പന	200/- 18.02.14
66	സെന്റൊ.സി.എൽ	ചുങ്കത്ത് ചിക്കൻ സെന്റർ	200/- 25.02.14
77	സി.ഒ.വർഗ്ഗീസ്	സി.ഒ.വി.ചിക്കൻ സെന്റർ	50/- 25.02.14
104	എ.എൽ.പോൾസൺ	മാംസം വില്പന	200/- 28.02.14
105	എ.എൽ.ജോൺസൻ	മാംസം വില്പന	200/- 28.02.14
106	ടി.വി.മാമച്ചൻ	മാംസം വില്പന	200/- 28.02.14
107	തോമസ് ചാലിശ്ശേരി	ചാലിശ്ശേരി ചിക്കൻ സെന്റർ	200/- 28.02.14
153	സി.ജെ.ഡേവിസ്	ചിറ്റിലപ്പിള്ളി ചിക്കൻ സെന്റർ	100/- 11.03.14

ലൈസൻസ് അനുവദിക്കുന്നതിന് മുമ്പ് മതിയായ നടപടിക്രമങ്ങൾ പാലിച്ചിട്ടുണ്ടെന്ന് ഉറപ്പ് വരുത്തേണ്ടതാണ്.

3.പൊതു അപാകതകൾ

ട്രെഡേഴ്സ് ലിസ്റ്റ് പൂർണ്ണമല്ല.ട്രെഡേഴ്സ് ലിസ്റ്റിൽ 220 പേരുടെ വിവരങ്ങളാണ് ചേർത്തിട്ടുള്ളത്.എന്നാൽ ഡി&ഒ ലൈസൻസ് രജിസ്റ്റർ പ്രകാരം 2014-15 സാമ്പത്തിക വർഷത്തിൽ 309പേർ ലൈസൻസ് എടുത്തിട്ടുണ്ട്. ട്രെഡേഴ്സ് ലിസ്റ്റ് ,ഡി&ഒ ലൈസൻസ് രജിസ്റ്റർ എന്നിവയിലെ എല്ലാ കോളങ്ങളും പൂരിപ്പിക്കേണ്ടതാണ്. ലൈസൻസ് എടുക്കുന്ന സ്ഥാപനങ്ങൾ അടവാക്കുന്ന സ്ഥാപന തൊഴിൽ നികുതി ഉൾപ്പെടെ എല്ലാ ഫീസിന്റെയും വിവരങ്ങൾ ലൈസൻസ് രജിസ്റ്ററിൽ രേഖപ്പെടുത്തേണ്ടതാണ്.

2)അപേക്ഷകൾ പൂർണ്ണമല്ല.അപേക്ഷകളിലെ എല്ലാ കോളങ്ങളും പൂരിപ്പിക്കേണ്ടതാണ്. ഫീസടച്ചതിന്റെ വിവരങ്ങൾ അപേക്ഷയിൽ രേഖപ്പെടുത്തേണ്ടതാണ്. ലൈസൻസ് പുതുക്കാനുള്ള ഭൂരിഭാഗം അപേക്ഷകളിലും സെക്രട്ടറി ഒപ്പ് വെച്ചിട്ടില്ല.ലൈസൻസ് പുതുക്കാനുള്ള അപേക്ഷകൾക്കൊപ്പം അനുബന്ധരേഖകൾ ഹാജരാക്കേണ്ടതാണ്.

2-6 വാടക -അപാകതകൾ

1.വാടക കുടിശ്ശിക വരുത്തിയ വ്യക്തിക്കു തന്നെ വീണ്ടും വാടകക്ക് മുറി നൽകി

വനിത വ്യവസായ കേന്ദ്രത്തിലെ V/352 C എന്ന മുറി 2014-15 സാമ്പത്തിക വർഷത്തിൽ പുഷ്പ ശശി എന്നവർക്ക് 1433/- രൂപ വാടകയ്ക്ക് നൽകിയിട്ടുണ്ട്.അവർ ആ വർഷത്തിൽ നാലു മാസത്തെ വാടകയായ 5732/- രൂപ (4x1433/-) കുടിശ്ശിക വരുത്തിയിട്ടുണ്ട്.വാടക കുടിശ്ശിക വരുത്തിയതിന് വനിത വ്യവസായ കേന്ദ്ര ബൈലോയിലെ ഖണ്ഡിക 18-ൽ പറയുന്ന നടപടികൾ എടുത്തിട്ടില്ല. കൂടാതെ കുടിശ്ശിക അടവാക്കാതെ 2015-16 സാമ്പത്തിക വർഷത്തിലും കരാർ പുതുക്കി അവർക്ക് തന്നെ മുറി നൽകിയിരിക്കുന്നു.

2.ബൈലോ ലഭ്യമല്ല

പഞ്ചായത്ത് ഷോപ്പിങ് കോംപ്ലക്സ് മുറികൾ,രാജീവ് ഗാന്ധി സാംസ്കാരിക നിലയം,കമ്മ്യൂണിറ്റി ഹാൾ പോന്നോർ എന്നീ സ്ഥാപനങ്ങളുടെ ബൈലോ ലഭ്യമല്ല. പഞ്ചായത്ത് ഡയറക്ടർ അംഗീകിച്ച ബൈലോ ലഭ്യമാക്കാനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

3.സെക്യൂരിറ്റി ഡെപ്പോസിറ്റ് വാങ്ങുന്നില്ല

രാജീവ് ഗാന്ധി സാംസ്കാരിക നിലയം,കമ്മ്യൂണിറ്റി ഹാൾ പോന്നോർ എന്നീ സ്ഥാപനങ്ങൾക്ക് ഒരു ദിവസ വാടക 750/- രൂപയാണ്.സെക്യൂരിറ്റി ഡെപ്പോസിറ്റ് വാങ്ങുന്നില്ല.

മേൽ പറഞ്ഞ അപാകതകൾക്ക് വിശദീകരണം ലഭ്യമാക്കേണ്ടതാണ്.

2-7 മത്സ്യലേലം- യഥാസമയം ലേലത്തുക അടവാക്കുന്നില്ല

തോളൂർ-എളവള്ളി പഞ്ചായത്തുകൾക്ക് തുല്യാവകാശമുള്ള മൂക്കോല, മേലേപ്പാടം തോടുകളിലെ മത്സ്യ ലേലം (ലേല സംഖ്യ- 14000/-), തോളൂർ-മുല്ലശ്ശേരി പഞ്ചായത്തുകൾക്ക് തുല്യാവകാശമുള്ള കടാംതോട് പുഴ മത്സ്യ ലേലം (ലേല സംഖ്യ-105000/-) എന്നിവ ഏറ്റവും കൂടുതൽ തുകയ്ക്ക് ലേലം വിളിച്ചത് (23-5-14ൽ) സുന്ദരൻ (നാലുപുരക്കൽ വീട്, അന്നകര) എന്ന വ്യക്തിയാണ്. ലേലത്തുക 1000/- രൂപയിൽ കൂടുതലാണെങ്കിൽ ലേല സംഖ്യയുടെ പകുതി ഭാഗം അപ്പോൾ തന്നെ കെട്ടിവെയ്ക്കേണ്ടതും ബാക്കി സംഖ്യ പഞ്ചായത്ത് കമ്മിറ്റിയുടെ അംഗീകാരത്തിന് വിധേയമായി ലേലം സ്ഥിരപ്പെടുത്തി ലേലക്കാരനെ അറിയിക്കുന്ന മുറക്കും അടക്കണം എന്നാണ് ലേല നോട്ടീസിൽ പറയുന്നത്. പകുതി ഭാഗം അപ്പോൾതന്നെ അടച്ചിട്ടുണ്ടെങ്കിലും ലേല സംഖ്യയുടെ ബാക്കി ഭാഗം അടച്ചിട്ടുള്ളത് 31-12-14ൽ ആണ്. ലേലം നടന്ന 23-5-14 ൽ തന്നെ പഞ്ചായത്ത് കമ്മിറ്റി ലേലം അംഗീകരിച്ചിട്ടുണ്ടെങ്കിലും ലേലക്കാരനോട് ബാക്കി ഭാഗം അടവാക്കാൻ പറഞ്ഞുകൊണ്ട് കത്ത് എഴുതി കാണുന്നത് 20-12-14നാണ്. ലേലക്കാരനെ അറിയിക്കാൻ വൈകിയതിനുള്ള കാരണം വ്യക്തമാക്കേണ്ടതാണ്. 2012-13സാമ്പത്തിക വർഷം മേൽ പറഞ്ഞ മത്സ്യ ലേലങ്ങൾ നടന്ന തിയ്യതി, ലേലം ലഭിച്ച വ്യക്തി, ലേല സംഖ്യ, ലേലം അംഗീകരിച്ച തിയ്യതി, ലേല സംഖ്യ അടവാക്കിയ തിയ്യതി എന്നിവ ലഭ്യമാക്കേണ്ടതും, ലേലക്കാരനിൽ നിന്നും ആദായ നികുതി(സെക്ഷൻ 194-സി പ്രകാരം) ഈടാക്കിയിട്ടു ണ്ടെങ്കിൽ ആയതിന്റെ വിവരങ്ങളും ലഭ്യമാക്കേണ്ടതാണ്.

ഭാഗം -3

ചെലവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(2) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ചെലവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

3-1 ഹെഡ്മാസ്റ്റർ,ഗവ.യു.പി സ്കൂൾ ,പോന്നോർ നടപ്പാക്കിയ പദ്ധതി അപാകതകൾ

മാർഗ്ഗരേഖയിൽ ഉൾപ്പെടാത്ത ഇനത്തിന് പ്രോജക്ട് നടപ്പാക്കി -ചെലവ് തുക തടസ്സത്തിൽ വയ്ക്കുന്നു

1)പ്രോജക്ട് നം . – 11/15

പ്രോജക്ട്. - എസ്.എസ് .എൽ.സി വിദ്യാർത്ഥികൾക്ക് കരിയർ ഗൈഡൻസ് ക്ലാസ്സ്

ബിൽ നം. – 2/14-15 തീ.24.3.15

പദ്ധതി അടങ്കൽ – 25000/-

തുക - 19430/-

ഫണ്ട് ഇനം – പൊതുവിഭാഗം (ജനറൽ)

പഞ്ചായത്ത് പരിധിയിൽപ്പെട്ട് സ്കൂളിൽ പഠിക്കുന്ന പത്താം ക്ലാസ് വിദ്യാർത്ഥികൾക്ക് കരിയർ ഗൈഡൻസ് ക്ലാസ്സ് നല്കിയതിന് (ക്ലാസ് എടുക്കുന്നതിനുള്ള തുക,പങ്കെടുത്ത കുട്ടികൾക്ക് ഭക്ഷണം ,നോട്ടുപുസ്തകം പേന,മൈക്ക് സെറ്റ് വാടക,ഫ്ലക്സ്,കസേര മേശ വാടക എന്നിവയ്ക്ക്) മേൽ പ്രകാരം തുക ചെലവഴിച്ചിട്ടുണ്ട് .സ.ഉ.(എം.എസ്) നം.362/2013/തസ്വഭവ തീ.16.11.2013 ഖണ്ഡിക 7.7 പ്രകാരം ഉത്പാദനപരമല്ലാത്ത പരിപാടികളായ ബോധവത്ക്കരണ ക്യാമ്പയിനുകൾ, മേളകൾ,ഉത്സവങ്ങൾ,സെമിനാറുകൾ ഉല്ലാസ പഠന യാത്രകൾ ,സമ്മേളനങ്ങൾ ,ആദരിക്കൽ തുടങ്ങിയവ പദ്ധതിയുടെ ഭാഗമായി ഏറ്റെടുക്കുവാൻ പാടില്ലയെന്ന് വ്യക്തമാക്കിയിട്ടുണ്ട്. ആയതിനാൽ മേൽപ്രകാരം ചെലവഴിച്ച 19430/- രൂപ ഓഡിറ്റ് തടസ്സത്തിൽ വയ്ക്കുന്നു

2) വിനിയോഗസാക്ഷ്യപത്രം ലഭ്യമാക്കിയില്ല

പ്രോജക്ട് നം . – 11/15

പ്രോജക്ട്. - എസ്.എസ്.എ പഞ്ചായത്ത് വിഹിതം നല്കൽ

ബിൽ നം. – 1/14-15 തീ.12.8.14

പദ്ധതി അടങ്കൽ – 600000/-

ചെലവ് തുക 600000/-

ഡി ഡി നം - 367493/12.8.14

ഫണ്ട് ഇനം -പൊതുവിഭാഗം (ജനറൽ)
മേൽ തുകയുടെ വിനിയോഗ സാക്ഷ്യപത്രം ഓഡിറ്റിന് ലഭ്യമാക്കുന്നതുവരെ ചെലവ് തുകയായാ 600000/- രൂപ തടസ്സത്തിൽ വയ്ക്കുന്നു.

3) ടി.ആർ 7എ ക്യാഷ ബുക്ക് സൂക്ഷിക്കുന്നില്ല

സ.ഉ (പി) 177/2006/ധനം 12.4.2006ഖണ്ഡിക 18.3 പ്രകാരം നിർവ്വഹണ ഉദ്യോഗസ്ഥർ ടി .ആർ 7-എ ക്യാഷ് ബുക്കിൽ ഡിപ്പാർട്ട്മെന്റ് ഫണ്ടിന്റെയും തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങളിൽ നിന്നുള്ള ഫണ്ടിന്റെയും വരവുചെലവ് വിവരം രേഖപ്പെടുത്തണം. എന്നാൽ ക്യാഷ് ബുക്ക് തയ്യാറാക്കിയിട്ടില്ല. ആയത് തയ്യാറാക്കേണ്ടതാണ്. തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങളിൽ നിന്നുള്ള ഫണ്ട് വരവ്-ചെലവ് പ്രത്യേകം രേഖപ്പെടുത്തുന്നതിന് സബ്സിഡി രജിസ്റ്റർ (മേൽ ഉത്തരവ് അനുബന്ധം B-IV) സൂക്ഷിക്കണമെന്ന് നിഷ്കർഷിക്കുന്നുണ്ട്. ആയത് പാലിച്ചു കാണുന്നില്ല. ആയത് തയ്യാറാക്കി ഓഡിറ്റിന് ലഭ്യമാക്കേണ്ടതാണ്.

3-2 ഭവന നിർമ്മാണം പൂർത്തിയാക്കി - കരാർ രജിസ്റ്റർ ചെയ്തില്ല

നിർവ്വഹണ ഉദ്യോഗസ്ഥൻ : വി.ഇ.ഒ.
താഴെപ്പറയുന്ന ഗുണഭോക്താക്കൾ തുകകൈപ്പറ്റി ഭവന നിർമ്മാണം പൂർത്തിയാക്കി. എന്നാൽ നാളിതുവരെ കരാർ രജിസ്റ്റർ ചെയ്തിട്ടില്ല.

പ്രോജക്ട് നം./പേര്	ഗുണഭോക്താക്കളുടെ പേര്	നല്കിയ തുക
14/15-വനിത ഭവന പദ്ധതി	മഞ്ജു പുരുഷോത്തമൻ,കാരാത്ത്	20000/-
	മേരി ജോസ്,പാലയൂർ	20000/-
	അമ്മു ചന്ദ്രൻ.തിണ്ടിയത്ത്	14000/-
117/15-ഭവന നിർമ്മാണം (ജനറൽ)	രാജുശങ്കരൻ,തടത്തിൽ	200000
	സുനിത ചന്ദ്രൻ, തൈവളപ്പിൽ	200000
	ഭാനു രമേശൻ,പാമ്പുങ്ങൽ	200000
	രാമചന്ദ്രൻ ,പാമ്പുങ്ങൽ	200000

ജി .ഒ (എം.എസ്) നം.362/2013/തസ്വഭവ തീ.16.11.2013,അനുബന്ധം 16 സബ്സിഡി മാർഗ്ഗരേഖ ഖണ്ഡിക3.6 കുറിപ്പ് 5 പ്രകാരം മേൽപ്പറഞ്ഞവർ പഞ്ചായത്ത് സെക്രട്ടറിയുടെ പേരിൽ കരാർ എഴുതി രജിസ്റ്റർ ചെയ്തിട്ടില്ല. രജിസ്റ്റർ ചെയ്ത കരാർ ഓഡിറ്റിന് ലഭ്യമാക്കേണ്ടതാണ്.അല്ലാത്തപക്ഷം മേൽപ്പറഞ്ഞവർ കാലാവധിയ്ക്കു മുൻപ് (12വർഷം) വീട് വില്പന നടത്തിയാൽ അതിന്റെ സാമ്പത്തിക ബാധ്യത നിർവ്വഹണ ഉദ്യോഗസ്ഥനായിരിക്കുന്നതാണ്.

സ.ഉ (പി) 177/2006/ധനം 12.4.2006ഖണ്ഡിക 18.3 പ്രകാരം നിർവ്വഹണ ഉദ്യോഗസ്ഥർ ടി .ആർ 7-എ ക്യാഷ് ബുക്കിൽ ഡിപ്പാർട്ട്മെന്റ് ഫണ്ടിന്റെയും തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങളിൽ നിന്നുള്ള ഫണ്ടിന്റെയും വരവുചെലവ് വിവരം രേഖപ്പെടുത്തേണ്ടതും തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങളിൽ നിന്നുള്ള ഫണ്ട് വരവ് ചെലവ് പ്രത്യേകം രേഖപ്പെടുത്തുന്നതിന് സബ്സിഡിയറി രജിസ്റ്റർ (മേൽ ഉത്തരവ് അനുബന്ധം ബി-IV) സൂക്ഷക്കണമെന്നും നിഷ്കർഷിക്കുന്നുണ്ട്. ആയത് പാലിച്ച് കാണുന്നില്ല. മേൽ പ്രകാരം ക്യാഷ് ബുക്ക് തയ്യാറാക്കി സൂക്ഷിക്കേണ്ടതും ട്രഷറി മുഖേനയും, തനത്ഫണ്ടിൽ നിന്ന് ലഭിക്കുന്ന തുകകളും ക്യാഷ് ബുക്കിൽ രേഖപ്പെടുത്തുന്നതുമാണ്.(എൻക്വയറി നം.5/25.06.2016)

3-3 തേനീച്ച വളർത്തൽ-പദ്ധതി നടത്തിപ്പിലെ അപാകതകൾ

പ്രോജക്ടിന്റെ പേര് : തേനീച്ചവളർത്തൽ

പ്രോജക്ട് നം. : 25/15

നിർവ്വഹണം : കൃഷി ഓഫീസർ

എ) ബിൽ നം. : 6/14-15 തീ. 25/2/15

തുക : 10000/-(പരിശീലനം നല്കുന്നതിന്)

ഒരാൾക്ക് 3 ദിവസം 6മണിക്കൂർ പരിശീലനം, ആകെ 30 പേർക്ക് എന്നാണ് പദ്ധതിയിൽ വിഭാവനം ചെയ്തിരുന്നത്. എന്നാൽ പദ്ധതിയിൽ വിഭാവനം ചെയ്തതിൽ നിന്ന് വ്യത്യസ്ഥമായി രണ്ട് ദിവസത്തെ ക്ലാസ് മാത്രമാണ് (15.12.14, 20.12.14തീയ്യതികളിൽ) നടത്തിയതെന്നാണ് ഓഡിറ്റിന് ലഭ്യമാക്കിയ രേഖകളിൽ നിന്ന് മനസ്സിലാകുന്നത്. ആദ്യ ക്ലാസിൽ 21 പേരും,രണ്ടാമത്തെ ക്ലാസിൽ 50 പേരും പങ്കെടുത്തതായികാണുന്നു .

1) ഗ്രാമ സഭ അംഗീകരിച്ച ഗുണഭോക്താക്കൾക്കാണോ പരിശീലനം നല്കിയതെന്നും, പരിശീലനം നല്കുന്നതിനുള്ള ഗുണഭോക്താക്കളെ എപ്രകാരമാണ് തെരഞ്ഞെടുത്തതെന്നും വ്യക്തമല്ല.

2)പരിശീലനം നല്കിയ ഗുണഭോക്താക്കൾക്ക് തന്നെയാണോ തേനീച്ച് കൂട് നല്കിയതെന്നും, പരിശീലനത്തിൽ പങ്കെടുക്കാത്തവർക്ക് കൂട് നല്കിയിട്ടുണ്ടോയെന്നും ഫയലിൽനിന്നും വ്യക്തമല്ല.

3)ഒരാൾക്ക് 3 ദിവസം 6 മണിക്കൂർ വീതം പരിശീലനം നല്കാൻ ഉദ്ദേശിച്ചിരുന്നുവെങ്കിലും 2 ദിവസം മാത്രം ക്ലാസ് നടത്തിയിട്ടുള്ളത്. രണ്ട് ദിവസവും പരിശീലനത്തിൽ പങ്കെടുത്തവർ വ്യത്യസ്ഥ ആൾക്കാർ ആയിരുന്നു എന്നാണ് ക്ലാസിന്റെ ഹാജർ രേഖകളിൽനിന്ന് വ്യക്തമാകുന്നത്. ഒരേ വ്യക്തികൾക്കല്ല തുടർച്ചയായി പരിശീലനം നല്കിയിട്ടുള്ളത്.മതിയായ പരിശീലനത്തിന്റെയും,വ്യക്തമായ പദ്ധതി ആസൂത്രണത്തിന്റെയും അഭാവത്തിലാണ് പ്രസ്തുത പദ്ധതി നടപ്പിലാക്കിയതെന്നാണ് ഓഡിറ്റ് വിലയിരുത്തുന്നത്.

ബി) ബിൽനം. : 5/14-15 തീ.25/11/14

തുക : 81000/-

ഡി.ഡി നം. : 340833/4.12.14 (തേനിച്ചകൂട് വാങ്ങുന്നതിന്)

തുക നല്കിയത് : കേരള സ്റ്റേറ്റ് ഹോർട്ടി കൾച്ചറൽ ഡവലപ്പ്മെന്റ് കോർപ്പറേഷൻ ലിമിറ്റഡ് മാവേലിക്കര

ഒരു യൂണിറ്റ് തേനീച്ചക്കൂടിന് 2700രൂപ (യൂണിറ്റ് കോസ്റ്റ് 5400, സബ്സിഡി 50%) നല്കികൊണ്ട് 30 കൂടുകൾക്ക് 81000/- (30x2700)രൂപ 29ഗുണഭോക്താക്കൾക്ക് (ഒരു ഗുണഭോക്താവിന് രണ്ട് കൂട് നല്കി) നല്കിയിട്ടുണ്ട്. ഗുണഭോക്തൃ വിഹിതം പഞ്ചായത്തിൽ അടവാക്കി സ്ഥാപനത്തിന് നല്കിയിട്ടുണ്ട്.

1)ഒരു യൂണിറ്റ് തേനിച്ചക്കൂടിന് മേൽ സ്ഥാപനം നിർണ്ണയിച്ച് നല്കിയിട്ടുള്ള നിരക്ക് താഴെപ്പറയും

പ്രകാരമാണ് (ഓഡിറ്റിന് ലഭ്യമാക്കിയ രേഖകൾ പ്രകാരം).

ആവശ്യമായ സാധനങ്ങൾ	നിരക്ക്	ഒരു യൂണിറ്റ് തേനീച്ചക്കൂടിന് ആവശ്യമായ സാധനങ്ങൾ	നിരക്ക്
തേനീച്ച കോളനിയുള്ള കൂട്	1000	2എണ്ണം	2000
കാലിക്കൂട്	500	2എണ്ണം	1000
എക്സ്ട്രാക്ടർ	1200	1	1200
സ്മോക്കർ	300	1	300
കത്തി	125	1	125
വെയിൽ(veil)	125	1	125
സ്റ്റാൻഡ്	200	2	400
ആകെ			5150

ഒരു യൂണിറ്റ് തേനീച്ചക്കൂടിന്റെ വില - 5150

സബ്സിഡി അനുവദിക്കാവുന്നത് (അർഹമെങ്കിൽ) - 2575

സബ്സിഡി നല്കിയത് - 2700(5400 നിരക്കിൽ)

ഒരു യൂണിറ്റിന് അധിക നല്കിയത് – 125(2700-2575)

30 യൂണിറ്റിന് അധിക നല്കിയത് – 3750(125x30)

3750/- രൂപ അധികം നല്കിയിട്ടുണ്ട്. പ്രസ്തുത തുക ഓഡിറ്റ് നിരാകരിക്കുന്നു.മാർഗ്ഗരേഖയ്ക്ക് വിരുദ്ധമായി ചെലവഴിച്ച 87250/- (10000+81000-3750)ഓഡിറ്റ് തടസ്സത്തിൽ വയ്ക്കുന്നു.

2. ഗുണഭോക്തൃ ലിസ്റ്റിൽ ഉൾപ്പെടാത്ത താഴെപ്പറയുന്നവർക്ക് സബ്സിഡി നല്കിയിട്ടുണ്ട് വിശദീകരണം നല്കേണ്ടതാണ്.

1)ശശിധരൻ ചവറാട്ടിൽ,പോന്നോർ

2)ലൂവിസ് ചൂങ്കത്ത് ,പറപ്പൂർ

3)സാബു നീലങ്കാവിൽ,പറപ്പൂർ

4)കാൾമാർട്ടിൻ ലാസർ

5)ഡേവിഡ് വടക്കൂട്ട്,എടക്കളത്തൂർ
ഇപ്രകാരം സബ്സിഡി നല്കിയതിന് വിശദീകരണം നല്കേണ്ടതാണ്.

3-4 അനുപൂരക പോഷകാഹാര പരിപാടി - സാധനങ്ങൾ സ്റ്റോക്കിലെടുത്ത് വിതരണം നടത്തിയതിന്റെ രേഖകൾ ലഭ്യമാക്കിയിട്ടില്ല

പ്രോജക്റ്റ് – അംഗൻവാടി പോഷകാഹാരം
പ്രോജക്റ്റ് നം. – 18/15
നിർവ്വഹണം – ഐ.സി.ഡി.എസ് സൂപ്പർവൈസർ
താഴെപ്പറയുന്ന ബില്ലുകൾ പ്രകാരം വാങ്ങിയ സാധനങ്ങൾ സ്റ്റോക്കിലെടുത്തിട്ടില്ല.ആയവ സ്റ്റോക്കിലെടുത്ത് വിതരണം നടത്തിയതിന്റെ വിശദാംശങ്ങൾ ഓഡിറ്റിന് ലഭ്യമാക്കുന്നതുവരെ ചെലവ് തുകയായ 221108/- രൂപ തടസ്സത്തിൽ വയ്ക്കുന്നു.

ട്രഷറി ബിൽ നം./ തുക	പർച്ചേസ് ബിൽ നം.	തുക	വാങ്ങൽ നടത്തിയ സ്ഥാപനം
04/15/ തിയ്യതി 2/12/14/ 169134/-	82/4.9.14	8460/-	അമൃതം ഫുഡ്സപ്ലിമെന്റ് യൂണിറ്റ് ,തോളൂർ
“	81/4.9.14	17096/-	”

05/15/ തിയ്യതി 12.1.15/ 213059/-	141433/18.12.14	75633/-	കേരള സ്റ്റേറ്റ് സിവിൽ സപ്ലൈസ് കോർപ്പറേഷൻ ലിമിറ്റഡ്,പറപ്പൂർ
"	141478/27.12.14	15743/-	"
"	141434/18.12.14	4968/-	"
"	1438326/31.12.14	1260/-	"
11/14-15/ തിയ്യതി 24.3.15/ 232189/-	141775/29.3.15	73828/-	"
"	141774/29.3.15	24120/-	"
ആകെ		**221108/-**	

മേൽപ്രകാരം വാങ്ങിയ സാധനങ്ങൾ സ്റ്റോക്കിലെടുത്ത് വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

3-5 തെരുവ് വിളക്ക് വാങ്ങൽ,പരിപാലനം എന്നീ പദ്ധതികളിലെ അപാകതകൾ

1) പ്രോജക്ട് - തെരുവ് വിളക്ക് പരിപാലനം (എ.എം.സി)

പ്രോജക്ട് നം. - 35/14-15 (സ്പിൽ ഓവർ)

എ) ബിൽ നം. - 12/14-15 തീ. 28/08/14

തുക - 45992/-

ഡി.ഡി നം. - 36855591/1.9.14

ബി) ബിൽ നം. – 27/14-15 തീ. 29/12/14

തുക - 54008/-

ഡി.ഡി നം. - 341727/31.12.14

2014-15 ൽ മേൽ പ്രകാരം തുക കരാറുകാരനായ രജീഷ് എം.കെ എന്നയാൾക്ക് നല്കിയിട്ടുണ്ട്. വാർഡ് മെമ്പർമാർ നല്കുന്ന കണക്കിന്റെ അടിസ്ഥാനത്തിലാണ് കരാറുകാരന് തുക നല്കിയിട്ടുള്ളത്. മെമ്പർമാർ നല്കുന്ന കണക്കിൽ റിപ്പയർ നടത്തിയ തിയ്യതി , നടത്തിയ പണിയുടെ വിശദാംശങ്ങൾ സംബന്ധിച്ച് രേഖപ്പെടുത്തലുകൾ ഒന്നും ഇല്ല. മിക്കതിലും ഒരേ നിരക്കിലുള്ള റിപ്പയർ ആവർത്തിച്ചു വരുന്നതായിട്ടാണ് കാണുന്നത്(കരാർ പ്രകാരം സി .എഫ്.എൽ മൊത്തമായി അഴിച്ച് റിപ്പയർ ചെയ്യുന്നതിനുള്ള നിരക്കായ 158 രൂപ യാണ് എല്ലാവാർഡിലും ആവർത്തിച്ച് നല്കികാണുന്നത്) .ബൾബ് മാറ്റിയിടുന്നതിന്റെ നിരക്കായ 30രൂപ വളരെക്കുറച്ച് മാത്രമെ നല്കികാണുന്നുള്ളൂ. സർക്കുലർ നം.3055/ഡി എ3/2011/തസ്വഭവ/ 15.09.11തിയ്യതിയിലെ എ.എം.സി സംബന്ധിച്ച കരാർ വ്യവസ്ഥകളിൽ അറ്റകുറ്റപ്പണി സംബന്ധിച്ച ഒരു പരാതി രജിസ്റ്റർ കരാറുകാരൻ തയ്യാറാക്കണമെന്നും ഇതിന്റെ അടിസ്ഥാനത്തിൽ പണി നടത്തേണ്ടതും ആയത് പഞ്ചായത്ത് ഓഫീസിൽ സൂക്ഷിക്കേണ്ടതാണെന്നും വ്യക്തമാക്കുന്നുണ്ട്. എന്നാൽ ഇപ്രകാരം പരാതി രജിസ്റ്റർ തയ്യാറാക്കി സൂക്ഷിച്ചിട്ടില്ല.മേൽ അപാകതകൾക്ക് വിശദീകരണം ആവശ്യപ്പെട്ട് നല്കിയ ഓഡിറ്റ് എൻക്വയറി നം.2/23.06.16 നുള്ള മറുപടിയിൽ കാലാവസ്ഥയിലുള്ള വ്യതിയാനങ്ങളുടെ അടിസ്ഥാനത്തിൽ തെരുവ് വിളക്കുകൾ കത്താതെ വരുമ്പോൾ ടി വിളക്കുകൾ താഴെയിറക്കി മാത്രമേ പ്രശ്ന പരിഹാരം കാണാൻ കഴിയുവെന്നാണ് വ്യക്തമാക്കിയിരിക്കുന്നത്.എല്ലാ തെരുവ് വിളക്കുകളും എല്ലായിപ്പോഴും താഴെയിറക്കി റിപ്പയർ ചെയ്യണമെന്ന വിശദീകരണം വിശ്വാസനീയമല്ല.വാർഡ് മെമ്പർമാർ നല്കുന്ന കണക്കിൽ റിപ്പയർ സംബന്ധിച്ച വിശദാംശങ്ങൾ രേഖപ്പെടുത്തി വാങ്ങേണ്ടതും പരാതി രജിസ്റ്റർ തയ്യാറാക്കി ആയതിന്റെ അടിസാഥാനത്തിൽ തെരുവ് വിളക്ക് പരിപാലനം നടത്തേണ്ടതുമാണ്.

കരാറുകാരനിൽ നിന്ന ഇൻകം ടാക്സ് ആക്ട് സെക്ഷൻ 194സി പ്രകാരം ആദായനികുതി ഈടാക്കിവിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

2) പ്രോജക്ട് - തെരുവ് വിളക്ക് വാങ്ങൽ

പ്രോജക്ട് നം. – 17/15

ബിൽ നം. – 28/14-15 തീ.13.1.15

തുക - 347789/-

ഡി.ഡി.നം - 342028/16.1.15

ഇൻവോയിസ് നം. 243/13.1.15 (ക്രൂസ്)

മേൽ ഇൻവോയിസ് പ്രകാരം 1700എണ്ണം 18watts Retrofit CFL lamp(warranty15 months) വാങ്ങിയിട്ടുണ്ട് .

3) പ്രോജക്ട് - തെരുവ് വിളക്ക് വാങ്ങൽ(സ്പിൽ ഓവർ)

പ്രോജക്ട് നം. – 34/15

ബിൽ നം. - 05/14-15 തിയ്യതി 11.8.14

തുക - 73800/-

ഇൻവോയിസ് നം. 4328/31.7.14 (കേബിൾ പോയിന്റ് ഇലക്ട്രിക്കൽ സൂപ്പർമാർക്കറ്റ്,തൃശ്ശൂർ)

2014-15 കാലയളവിൽ പുതിയ പ്രോജക്ടായി ഇൻവോയിസ് നം.243/13.01.15പ്രകാരം 1700 എണ്ണം 18watts Retrofit CFL lamp(warranty15 months) വാങ്ങിയിട്ടുണ്ട് . കൂടാതെ ഇതേ വർഷം സ്പിൽ ഓവർ പ്രോജക്ടായി ഇൻവോയിസ് നം. 4328/31.07.14 (കേബിൾ പോയിന്റ് ഇലക്ട്രിക്കൽ സൂപ്പർമാർക്കറ്റ്,തൃശ്ശൂർ) പ്രകാരം 450Retrofit CFL lamp 20watts (ബ്രാന്റ് -ബജാജ്) വാങ്ങിയിട്ടുണ്ട് . 2013-14കാലയളവിലും 2015-16 കാലയളവിലും കൂടാതെ മേൽപ്രകാരവും വാങ്ങിയ തെരുവ് നിളക്കുകളുടെ വിനിയോഗവിവരം ചുവടെ ചേർക്കുന്നു.

2013-14 പദ്ധതി കാലയളവിൽ കേബിൾ പോയിന്റ് ,തൃശ്ശൂർ എന്ന സ്ഥാപനത്തിൽനിന്ന് ഇൻവോയിസ് നം.7861/24.10.13 പ്രകാരം 1200 ഉം,ഇൻവോയിസ് നം.4328/31.7.14 പ്രകാരം450 ഉം Retrofit CFL lamp 20watts (ബ്രാന്റ് -ബജാജ്) വാങ്ങിയത് 5/12/14വിനിയോഗിച്ചു കഴിഞ്ഞു.

2014-15ൽ ഇൻവോയിസ് നം. 243/13.1.15 (ക്രൂസ്)പ്രകാരം വാങ്ങിയ 1700 എണ്ണം 18watts Retrofit CFL lamp(warranty15 months) 5/1/16ൽ വിനിയോഗിച്ചു കഴിഞ്ഞു.

2015-16ൽ പ്രോജക്ട് നം.35/16പ്രകാരം 1000എണ്ണം 2x20watts Retrofit CFL lamp വാങ്ങിയിട്ടുണ്ട് (മേൽ കണക്കുകൾ സ്റ്റോക്ക് രജിസ്റ്ററിൽ നിന്നും ലഭ്യമായത്). ആയത് നിലവിൽ ഉപയോഗിച്ചുവരുന്നു.

മേൽ കണക്കുകളിൽ നിന്ന് പ്രതിവർഷം 1000ത്തിന് മുകളിൽ CFL lamp കൾ വാങ്ങുന്നതായിട്ടാണ് കാണുന്നത്.വാറന്റി കാലയളവിനുള്ളിൽ തന്നെ കേട് വന്നവ മാറ്റി പകരം പുതിയവ ലഭ്യമാക്കുകയോ റിപ്പയർ ചെയ്യുകയോ ചെയ്യുന്നില്ലയെന്നാണ് മനസ്സിലാകുന്നത്.കേട് വന്ന തെരുവ് വിളക്കുകൾ റിപ്പയർ ചെയ്ത് ഉപയോഗിക്കുന്നതിനോ,പകരം പുതിയവ ലഭ്യമാക്കു ന്നതിനോ പഞ്ചായത്ത് നടപടികൾ സ്വീകരിച്ച് കാണുന്നില്ല. തെരുവ് വിളക്ക് അനുബന്ധ ഉപകരണങ്ങൾ കേടുവന്നവ എല്ലാം തിരികെ പഞ്ചായത്തിൽ ലഭിക്കുന്നുവെന്ന് ഉറപ്പുവരുത്തുന്നതിന് ഇത് സംബന്ധിച്ച് രജിസ്റ്ററുകൾ സൂക്ഷിക്കുന്നില്ല.ഇവ ബന്ധപ്പെട്ട ഏജൻസിയ്ക്ക് വാറന്റി കാലാവധിയ്ക്കുള്ളിൽ നല്കി പുതിയവ ലഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടില്ല .പകരം വർഷം തോറും വലിയ തുക ചെലവഴിച്ച് തെരുവ് വിളക്ക്

അനുബന്ധ ഉപകരണങ്ങൾ വാങ്ങുന്നതായിട്ടാണ് കാണുന്നത്.മേൽ പ്രകാരം പാഴ്ച്ചലവ് സംഭവിക്കുന്നുണ്ടെങ്കിൽ ആയത് ഒഴിവാക്കുന്നതിനുള്ള നടപടികൾ പഞ്ചായത്ത് അധികാരികൾ കൈക്കൊള്ളേണ്ടതാണ്.

4) പ്രോജക്ട് - തെരുവ് വിളക്ക് -എൽ.ഇ.ഡി വാങ്ങൽ (പുതിയത്)

പ്രോജക്ട് നം. - 131/15

a. ബിൽ നം. – 56/14-15 തീ.28/3/15

തുക - 248640/-

ഇൻവോയിസ് നം .STL-74/25.03.2015 (united electrical industries ltd,kollam)

മേൽ പദ്ധതിപ്രകാരം 40w LED street light system 37 എണ്ണം United electrical industries Ltd,Kollam എന്ന സ്ഥാപനത്തിൽനിന്ന് ജി.ഒ (സാധ)നം.2/2015/തസ്വഭവ തീ.1/1/15 നിർദ്ദേശപ്രകാരം വാങ്ങി പഞ്ചായത്തിന്റെ വിവിധ വാർഡുകളിൽ 6/2015 ൽ സ്ഥാപിച്ചിട്ടുണ്ട്.മേൽ പ്രകാരം വാങ്ങിയവ ഗുണനിലവാരം ഇല്ലയെന്നും എല്ലാം പെട്ടെന്ന് കേടുവന്നുവെന്നും റിപ്പയർ ചെയ്യുന്നതിന് (10/8/15,5/10/15,11/12/15കത്ത് നം.എ2/100/15) സ്ഥാപനം നടപടികൾ സ്വീകരിച്ചിട്ടില്ലയെന്നും സെക്രട്ടറിയുടെ 23/12/15 ലെ എ2/100/15കത്തിൽ രേഖപ്പെടുത്തികാണുന്നു.

അപാകതകൾ

1) ഓഡിറ്റ് എൻക്വയറി നം.2/23.06.16 നുള്ള മറുപടിയിൽ 1.5.2016 ൽ റിപ്പയർ ചെയ്തു പ്രവർത്തനക്ഷമമാക്കിയെന്നാണ് വ്യക്തമാക്കിയിട്ടുള്ളത്. അതുവരെ പ്രവർത്തന ക്ഷമമല്ലയിരുന്നുവെന്നാണ് മനസ്സിലാകുന്നത്.30/3/15 ലെ29715 നം കരാർ വ്യവസ്ഥ 7പ്രകാരം “The replacement or rectification will be done with in reasonable time after the intimation from your office” വ്യവസ്ഥ ചെയ്യുന്നുണ്ട്.എന്നാൽ സെക്രട്ടറി ആവർത്തിച്ച് ആവശ്യപ്പെട്ടിട്ടും മേൽ സ്ഥാപനം അറ്റകുറ്റപ്പണി നടത്താതിരുന്നത് കരാർ വ്യവസ്ഥയുടെ ലംഘനമാണ്.

2)14/7/2014 ലെ ജി ഒ (സാധ) നം.1807/14/തസ്വഭവ പ്രകാരം LED വിളക്കുകൾ എനർജി മാനേജ്മെന്റ് സ്പെസിഫിക്കേഷൻ അനുസരിച്ചുള്ളതാകണമെന്നും ,സ്ഥാപിച്ച ദിവസം മുതൽ 3 വർഷത്തെ വാറണ്ടി കാലവധിയുണ്ടാ യിരിക്കണമെന്നും, ഗുണമേന്മ ഉറപ്പ് വരുത്തുന്നതിനുള്ള വിവിധ സർട്ടിഫിക്കറ്റുകൾ ലഭ്യമക്കേണ്ടതാണ് എന്നും വ്യക്തമാക്കുന്നുണ്ട്. എന്നാൽ കരാറിൽ 12മാസത്തെ വാറന്റിയാണ് നല്കിയിട്ടുള്ളത്.

3)പ്രത്യേക വാറന്റികാർഡ് ,ഗുണമേന്മ ഉറപ്പ് വരുത്തുന്നതിനുള്ള സർട്ടിഫിക്കറ്റുകൾ ലഭ്യമക്കിയിട്ടില്ല.

കരാറിൽ മേൽ ഉത്തരവ് പ്രകാരമുള്ള വ്യവസ്ഥകൾ ഉൾപ്പെടുത്താതിരുന്നതിനാൽ United electricals Ltd എന്ന സ്ഥാപനത്തിൽ നിന്ന് തുടർ സേവനം ലഭ്യമാക്കുന്നതിനോ അല്ലാത്തപക്ഷം നിയമ നടപടകൾ സ്വീകരിക്കുന്നതിനോ കഴിയാത്ത അവസ്ഥയാണ് .അപാകതകൾ സംബന്ധിച്ച് വിശദീകരണം നല്കേണ്ടതാണ്.

3-6 റൺ കേരള റൺ -സർക്കാർ ഉത്തരവിൽ അധികരിച്ച് തുക ചെലവഴിച്ചു

35-ാം മത് ദേശീയ ഗെയിംസിന്റെ പ്രചരണാർത്ഥം നടത്തിയ റൺ കേരള റൺ എന്ന പരിപാടി സംഘടിപ്പിക്കുന്നതിന് താഴെപ്പറയും പ്രകാരം തുക ചെലവഴിച്ചിട്ടുണ്ട്.

വൗച്ചർ നം.	ചെക്ക് നം.	തുക	ഇനം	തുക നല്കിയത്
21400771/5.2.15	277936/5.2.15	1000	മൈക്ക് അനൗൺസ്മെന്റ്	ടി.ജെ സൗണ്ട്& ഇലക്ട്രിക്കൽസ്
21400772/5.2.15	277937/5.2.15	750	സംഭാരവിതരണം	റോസ് ബേക്കറി,പറപ്പൂർ
21400773/5.2.15	277938/5.2.15	3250	ബലൂൺ ക്യാപ്പ് എന്നിവ വാങ്ങിയത്	ശില്പി ഫാൻസി സ്റ്റോഴ്സ്
ആകെ		5000		

സ.ഉ (സാധ)3290/2014/തസ്വഭവ തീ.12/12/14 പ്രകാരം 2000/-രൂപ ചെലവഴിക്കുന്നതിനെ അനുവാദമുള്ളു. അധികം ചെലവഴിച്ച 3000/- രൂപ ഓഡിറ്റ് നിരാകരിക്കുന്നു.

3-7 പഞ്ചായത്ത് വാഹനത്തിന്റ ലോഗ്ബുക്ക് പരിപാലിക്കുന്നതിലെ അപാകത

പഞ്ചായത്ത് വാഹനമായ മഹീന്ദ്ര ബൊലെറോ KL -08AW -6692ന്റെ ലോഗ് ബുക്കിലെ മാസാന്ത്യ സംക്ഷിപ്തം എഴുതി തയ്യാറാക്കി സെക്രട്ടറി സാക്ഷ്യപ്പെടുത്തിയിട്ടില്ല.റിപ്പയർ ,ഇൻഷുറൻസ് അടവാക്കിയതിന്റെ വിശദാംശങ്ങൾ എന്നിവ ലോഗ് ബുക്കിൽ രേഖപ്പെടുത്തേണ്ടതാണ്.ഫ്യൂവൽ രജിസ്റ്റർ,റിപ്പയർ രജിസ്റ്റർ ,സ്റ്റോക്ക് രജിസ്റ്റർ എന്നിവ സൂക്ഷിക്കുന്നില്ല. ലോഗ് ബുക്കിലെ മാസാന്ത്യ സംക്ഷിപ്തം സെക്രട്ടറി സാക്ഷ്യപ്പെടുത്തേണ്ടതും വാഹനപരിപാലനവുമായി ബന്ധപ്പെട്ട എല്ലാ വിവരങ്ങളും ലോഗ് ബുക്കിൽ രേഖപ്പെടുത്തേണ്ടതുമാണ്. ഫ്യൂവൽ രജിസ്റ്റർ,റിപ്പയർ രജിസ്റ്റർ, സ്റ്റോക്ക് രജിസ്റ്റർ എന്നിവ എഴുതി തയ്യാറാക്കി ഓഡിറ്റിന് ലഭ്യമാക്കേണ്ടതാണ്.

ഭാഗം -4

പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

4-1 സംയുക്ത പ്രൊജക്കുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം

വിഹിതം നൽകിയ സ്ഥാപനം	തുക ലഭിച്ച വർഷം	ലഭിച്ച തുക	പ്രൊജക്ടിന്റെ പേര്	ചെലവ്	ബാലൻസ്
ജില്ല പഞ്ചായത്ത്	2014-15	462400	ചോരോത ലിഫ്റ്റ് ഇറിഗേഷൻ	349262	113138
ജില്ല പഞ്ചായത്ത്	2014-15	125000	ശാരീരിക മാനസിക വെല്ലുവിളികൾ നേരിടുന്നവർക്ക് സ്കോളർഷിപ്പ്	105600	19400
പുഴയ്ക്കൽ ബ്ലോക്ക് പഞ്ചായത്ത്	2014-15	125000	ശാരീരിക മാനസിക വെല്ലുവിളികൾ നേരിടുന്നവർക്ക് സ്കോളർഷിപ്പ്	105600	19400
പുഴയ്ക്കൽ ബ്ലോക്ക് പഞ്ചായത്ത്	2012-13	250000	എടക്കളത്തൂർ ഐക്കരപുരം റോഡ്	249876	124

4-2 ഡെപ്പോസിറ്റ് വർക്കിനു നൽകിയ തുകയുടെ വിവരങ്ങൾ

ഓഡിറ്റ് വർഷത്തിൽ താഴെ പറയുന്ന സ്ഥാപനങ്ങൾക്ക് ഡെപ്പോസിറ്റ് വർക്കായി പ്രവൃത്തി നടത്തുന്നതിന് മുൻകൂർ നൽകിയിട്ടുണ്ട്. തുക ചെലവഴിച്ച് പ്രവൃത്തി നടത്തിയതിന്റെയും ബാക്കി തുകയുടെയും വിവരങ്ങൾ താഴെ കൊടുക്കുന്നു

നിർവഹണ ഏജൻസി	പ്രവർത്തിയുടെപേര്	വൗച്ചർ നമ്പർ/ ഡി.ഡി നം.	മുൻകൂർ നൽകിയ തുക	ചെലവഴിച്ച തുക	ചെലവഴിക്കാൻ ബാക്കിയുള്ള തുക

ഭൂജല വകുപ്പ്	ചാലയ്ക്കൽ പാറ കുടിവെള്ള പദ്ധതി	21400906 26.03.15	78000	78000	_
ഭൂജല വകുപ്പ്	--	21400801 26.02.15	235000	235000	_
ഭൂജല വകുപ്പ്	മുതുവന്നൂർ കോളനി ബോർ വെൽ നിർമ്മാണം	21400802 26.02.15	140000	140000	_
ഭൂജല വകുപ്പ്	ശിവനട കുടിവെള്ള പദ്ധതി	21400935 29.03.15	35000	35000	_

4-3 മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത്

ഇല്ല

4-4 വായ്പ/ വായ്പ തിരിച്ചടവ്

ഇല്ല

4-5 സ്ഥിരനിക്ഷേപങ്ങൾ

വർഷാരംഭത്തിൽ ഉണ്ടായിരുന്ന സ്ഥിര നിക്ഷേപം	5000
തൻവർഷം നിക്ഷേപിച്ച തുക	-
ആകെ	5000
തന്നാണ്ടിൽ പിൻവലിച്ച തുക	-
വർഷാവസാനം അവശേഷിക്കുന്ന സ്ഥിരനിക്ഷേപം	5000

4-6 ഓഡിറ്റ് റിക്കവറി

റിപ്പോർട്ട് വർഷം	ഭാഗം/ ഖണ്ഡിക	ഈടാക്കിയ തുക	ഒടുക്കിയ ആളുടെ പേരും ഉദ്യോഗപ്പേരും	രശീതി നം/ തിയ്യതി
2011-12	3-11	15400	പി.കെ.രാമചന്ദ്രൻ, പാമ്പുങ്ങൽ	11401103480/15.10.14

4-7 ഓഡിറ്റ് പ്രത്യവലോകനം

(എ) സംക്ഷിപ്ത വിവരം

ഓഡിറ്റ് വർഷത്തെ ആകെ വരവ്	55449762
ഓഡിറ്റ് വർഷത്തെ ആകെ ചെലവ്	51267969
വരവിനങ്ങളിലുള്ള നഷ്ടം	1883
ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക	6750
ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക	927788

(ബി). പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

ഖണ്ഡിക നമ്പർ	നഷ്ടമായ തുക		ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും
	ചാർജ് ചെയ്യാവുന്നവ	സർചാർജ് ചെയ്യാവുന്നവ	
2-1	633		വി.ഇ.സുഹറ, സെക്രട്ടറി
2-2	1250		കെ.ഉണ്ണികൃഷ്ണൻ, സെക്രട്ടറി
3-3		3750	ജെഷി.പി., കൃഷി ഓഫീസർ
3-6		3000	കെ.ഉണ്ണികൃഷ്ണൻ, സെക്രട്ടറി

ആകെ	**1883**	**6750**	

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

ഖണ്ഡിക നമ്പർ	തുക	ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും
3-1(1)	19430	സെലീന, പ്രധാസാദ്ധ്യാപിക ജി.ഡബ്ല്യു.യു.പി.എസ്, പോന്നോർ
3-1(2)	600000	-ടി-
3-3	87250	ജെഷി.പി., കൃഷി ഓഫീസർ
3-4	221108	ഷീജ.പി.ജെ ഐ.സി.ഡി.എസ് സൂപ്പർവൈസർ
ആകെ	**927788**	

(സി) **കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം**

ഇല്ല

(ഡി) **നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ**

ഇല്ല

(ഇ)റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിനുത്തരവാദികളായവരുടെ സ്ഥിരം മേൽവിലാസങ്ങൾ

പേരും ഉദ്യോഗപ്പേരും	ഇപ്പോഴത്തെ (ഓഡിറ്റ് നടന്ന സമയത്തെ) ഔദ്യോഗിക മേൽവിലാസം	സ്ഥിരം മേൽവിലാസം
വി.ഇ.സുഹറ, സെക്രട്ടറി	റിട്ടയർ ചെയ്തു	പുതുവീട്ടിൽ വീട്, തളിക്കുളം പി.ഒ, തൃശ്ശൂർ
കെ.ഉണ്ണികൃഷ്ണൻ, സെക്രട്ടറി	സെക്രട്ടറി, തോളൂർ ഗ്രാമപഞ്ചായത്ത്	കൃഷ്ണാമൃതം വീട്, പുറനാട്ടുകര,തൃശ്ശൂർ
ജെഷി.പി., കൃഷി ഓഫീസർ	എ.ഡി.എ, നടവരമ്പ് ഫീഡ് ഫാം, ഇരിങ്ങാലക്കുട, തൃശ്ശൂർ	രാജ് ഭവൻ, ഗുരുദേവ ലേൻ, കുർക്കഞ്ചേരി, തൃശ്ശൂർ

4-8 തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ

ഓഡിറ്റ് വർഷം	ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം	റിമാർക്ക്സ്
1966-67	എൽ.എഫ്.ഇ(1)/5717/ 73/ 30.3.74	
1972-73	എൽ.എഫ്.ഇ(2)/1890/ 75/ 25.12.75	
1973-74	എൽ.എഫ്.ഇ(1)/457/ 76/ 24.2.76	
1974-75	എൽ.എഫ്.ടി.എസ്. 1039/11,18.10.11	
1979-80	എൽ.എഫ്.ടി.എസ്. 1039/11,18.10.11	
1981-82	എൽ.എഫ്.ടി.എസ്. 1039/11,18.10.11	
1982-83	എൽ.എഫ്.ടി.എസ്. 1039/11,18.10.11	
1983-84	എൽ.എഫ്.ടി.എസ്. 1039/11,18.10.11	
1984-85	എൽ.എഫ്.ടി.എസ്. 1039/11,18.10.11	
1985-86	എൽ.എഫ്.ടി.എസ്. 1039/11,18.10.11	
1986-87, 87-88	എൽ.എഫ്.ടി.എസ്. 1039/11,18.10.11	
1988-89, 89-90	എൽ.എഫ്.ഇ(2)/1624 /97(15) / 05.11.97	
1990-91	എൽ.എഫ്.ഇ(2)/1624 /97(16) / 05.11.97	
1991-92	എൽ.എഫ്.ഇ(2)/590/ 95/ 24.6.96	
1992-93, 93-94	എൽ.എഫ്.ഇ(2)/1905/ 97/19.1.98	

1994-95, 95-96, 96-97	എൽ.എഫ്.ടി.എസ്. 2-1039/ 11, 18.10.11	
1997-98	എൽ.എഫ്.ടി. 18-587/ 02(2)/ 5.7.02	
1998-99(വരവ്)	എൽ.എഫ്.ടി. 12-197/ 04/ 20.8.04	
1998-99(ചെലവ്)	എൽ.എഫ്.ടി. 12-197/ 04/ 20.8.04	
1999-2000	എൽ.എഫ്.ടി. 12-1012/ 2003/ 6.2.04	
2000-01, 01-02 (പ്ലാൻ)	എൽ.എഫ്.ടി. 12-1419/ 2003/ 3.3.07	
2001-02	എൽ.എഫ്.ടി. 12-437/ 08/ 18.7.09/ 29.9.09	
2002-03	എൽ.എഫ്.ടി. 12-436/ 08/ 18.7.09/ 29.9.09	
2003-04	എൽ.എഫ്.ടി. 12-2663/ 08/ 8.3.10/ 13.5.10	
2004-05	എൽ.എഫ്.ടി. 12-2664/08/ 8.3.10/ 13.5.10	
2005-06	എൽ.എഫ്.ടി. 12-590/ 10/ 6.9.10	
2006-07	എൽ.എഫ്.ടി. 12-591/ 10/ 6.9.10	
2007-08	എൽ.എഫ്.ടി.പി 3 – 963/ 12/ 29.9.12	
2008-09	എൽ.എഫ്.ടി.പി 3 –964/ 12/ 29.9.12/4.12.12	
2009-10	എൽ.എഫ്.ടി.പി 3 –965/ 12/ 29.9.12/8.2.13	
2010-11	എൽ.എഫ്.ടി.പി 3 – 966/ 12/ 29.9.12/8.2.13	
2011-12	എൽ.എഫ്.ടി.പി 3 –1108/ 13/ 3.12.13/ 8.1.14	
2012-13	എൽ.എഫ്.ടി.പി 3 –337/ 14/ 28.10.14/ 10.12.14	
2013-14	കെ.എസ്.എ.ടി.എസ്.ആർ.(പി 3)-289/15 തി. 16.07.15/13.10.15	

തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകളിലെ തടസ്സങ്ങൾ നീക്കുന്നതിന് അടിയന്തിര നടപടികൾ സ്വീകരിക്കേണ്ടതാണ്.

ഡെപ്യൂട്ടി ഡയറക്ടർ,

കേരള സംസ്ഥാന ഓഡിറ്റ്, വകുപ്പ്,

ജില്ലാ ഓഡിറ്റ് കാര്യാലയം, തൃശ്ശൂർ.

നം.കെ.എസ്.എ.ടി.എസ്.ആർ(പി3)1047/16
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

ജില്ലാ ഓഡിറ്റ് കാര്യാലയം, തൃശ്ശൂർ

PIN 680 020 തിയ്യതി 02.07.16

Ph.No. 0487-2331249

e-mail : dotsr.ksad@kerala.gov.in

സാക്ഷ്യപത്രം

1994ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിന്റെ 4-ാം വകുപ്പും, 1994ലെ കേരള പഞ്ചായത്ത് രാജ് നിയമത്തിലെ 215-ാം വകുപ്പ് ഇവ അനുസരിച്ചും പഞ്ചായത്ത് രാജ് സ്ഥാപനങ്ങളുടെ ഓഡിറ്റിനു വേണ്ടി കംപ് ട്രോളർ ആന്റ് ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾ അവലംബിച്ചും, തൃശ്ശൂർ ജില്ലയിലെ **തോളൂർ** ഗ്രാമ പഞ്ചായത്തിന്റെ 2014-15 വർഷത്തെ വാർഷിക ധനകാര്യ സ്റ്റേറ്റ്മെന്റ് പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

എന്റെ റിപ്പോർട്ടിൽ ചൂണ്ടിക്കാണിച്ചിരിക്കുന്ന പരാമർശങ്ങൾ ഒഴികെ എന്റെ അഭിപ്രായത്തിൽ **തോളൂർ** ഗ്രാമ പഞ്ചായത്തിന്റെ **2014-15** വർഷത്തെ വാർഷിക ധനകാര്യ പത്രിക വരവു ചെലവു കണക്കുകളെ ശരിയായ രീതിയിൽ അവതരിപ്പിക്കുന്നു എന്നു സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

ജില്ലാ ഓഡിറ്റ് കാര്യാലയം, തൃശ്ശൂർ

P.

No.KSA-TSR(P3)1047/16

Office of the Joint Director of

Kerala State Audit Department,

District Audit Office, Thrissur

PIN 680 020 Dated 02.07.16

Ph.No. 0487-2331249

e-mail : dotsr.ksad@kerala.gov.in

AUDIT CERTIFICATE

Certified that I have audited the Annual Financial Statement of **Tholur** Grama Panchayat in Thrissur District for the year ended on 31.03.2015 in accordance with Section '4' of the Kerala Local Fund Audit Act 1994, Section 215 of Kerala Panchyat Raj Act 1994, the rules made thereunder and the guidelines issued by the Comptroller and Auditor General of India for the purpose of audit of accounts of Panchayat Raj Institutions.

In my opinion the Financial Statement of **Tholur** Grama Panchayat for the year 2014-15 except the observations in my audit report properly presents the picture of income, expenditure.

DEPUTY DIRECTOR

Kerala State Audit Department,

District Audit Office, Thrissur.